## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1136. 30.11.2018 ൽ മറുപടിയ്ക്ക്

## ലഹരി മരുന്ന് ഉപയോഗത്തിലെ വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി മരുന്ന് ഉപയോഗം ഭീതിജനകമായി വർദ്ധിച്ചുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരി മരുന്ന് മാഫിയ പിടിമുറുക്കുന്നതായും പ്രതിമാസം 100 കോടി രൂപയുടെ ലഹരി മരുന്ന് വ്യാപാരം നടക്കുന്നതായും ഉള്ള റിപ്പോർട്ടുകൾ ഗൗരവമായി എടുത്തിട്ടുണ്ടോ; | (ബി) | ലഹരി പദാർത്ഥങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടും ലഹരി വാഹകരായി കുട്ടികളെ ഉപയോഗിച്ചതു സംബന്ധിച്ചും സ്കൂൾ പരിസരത്തുൾപ്പെടെ കുട്ടികൾക്ക് ലഹരിപദാർത്ഥങ്ങൾ വിതരണം ചെയ്യുവർക്കെതിരായും കേസുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തിവരുന്ന ലഹരി വില്പന പൂർണ്ണമായും അവസാനിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനുപുറമെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനായി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | ഈ വർഷം നാളിതുവരെ എത്ര കോടി രൂപയുടെ ലഹരി മരുന്നുകൾ പിടികൂടിയിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (സി) | ഈ വർഷം ആകെ 6314 ലഹരി മരുന്ന് കേസുകൾ രജിസ്റ്റർ ചെയ്യുകയും ഉദ്ദേശം 700 കോടി രൂപ വില വരുന്ന ലഹരി മരുന്നുകൾ പിടികൂടുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ലഹരി മരുന്ന് കേസുകളിൽ അറസ്റ്റ് ചെയ്യുന്നവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് ഉതകുന്ന തരത്തിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധപതിപ്പിക്കുമോ? | (ഡി) | എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. മയക്കമരുന്നുകൾ ചെറിയ അളവിൽ പോലും കൈവശം വച്ച കുറ്റകൃത്യം ചെയ്യുന്നവർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിന് എൻ.ഡിപി.എസ് ആക്ടിൽ വ്യവസ്ഥ കൊണ്ടുവരുന്നതിന് കേന്ദ്ര ഗവൺമെന്റിലേക്ക് സംസ്ഥാന സർക്കാർ ശുപാർശ ചെയ്തിട്ടുണ്ട്. ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ മയക്കമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകുന്നവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ് നിയമം പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. |

**സെക്ഷൻ ഓഫീസർ**